14

3186 6/4/15 TA-3

9/4/15

# PROCEEDINGS OF THE DIRECTOR OF AGRICULTURE, THIRUVANATHAPURAM

**(Present R. Ajith Kumar)**

Sub : Progress of mobilization of additional resources of the state revision of non tax revenue items licence fee for approved nurseries – orders issued- reg:-

Read: G.O.(P) 409/14 Fin Dated: 23.09.14 of Finance (Revenue monitoring cell) Dept.

## ORDER NO. TS (1)59131/14 dated: 28/03/2015.

As per the above reference cited Government of Kerala has decided to revise the various the fee/user charges in connection with various services rendered by government departments in the state. Hence the prevailing rates of licence fee and renewal of licence fee for the approval of private nurseries ( Agriculture/Horticulture) is hereby enhanced as follows.

| | Existing rate (in Rs.) | Revised Rate (Rs.) |
|---|---|---|
| 1. Approved Nursery Fresh Licence | Rs. 500/- | Rs. 750/- |
| 2. Approved Nursery Renewal Licence | Rs. 300/- | Rs. 450/- |

Sd/-
**Director of Agriculture**

To

All Principal Agricultural Officers

Copy to: Stock file, CA to Director of Agriculture

Copy to: Deputy Director of Agriculture (IT) for publishing the same in the official website

V.H Sab 30.3.15

Endt. No. TA(3) 3186/2015 /L.Dis

PDO, Malappuram
10/04/2015

10/04/15 12.30 pm

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾ സർക്കാർ അംഗീകാരം നേടുന്നതു നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഫാംസ്) വകുപ്പ്

സ.ഉ.(സാ)1796 /2005/കൃഷി. തീയതി, തിരുവനന്തപുരം, 13..12..2005.

---

പരാമർശം: 22.01.99-ലെ ആർ.റ്റി.നം. 99/99/കൃഷി. നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

സംസ്ഥാനത്ത് നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനായി പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശത്തിലെ ഉത്തരവു പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ലെന്നും അത് നഴ്സറികൾ ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്തു വർഗ്ഗങ്ങളുടെയും ചെടികളുടേയും ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും സർക്കാർ മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നഴ്സറികൾ ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്തു വർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വകാര്യ നഴ്സറികൾ അനുബന്ധത്തിൽ കൊടുത്തിട്ടുള്ള മാനദണ്ഡങ്ങളും നിബന്ധനകളും പാലിച്ച് സർക്കാർ അംഗീകാരം നേടേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ശാന്താ ജോൺ,
അഡിഷണൽ സെക്രട്ടറി

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശൂർ.
കൃഷിവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എ.ക്ക്.
കൃഷിവകുപ്പു സെക്രട്ടറിയുടെ പി.എ.ക്ക്.
സ്റ്റോക്ക് ഫയൽ / ഓ.സി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## അനുബന്ധം

### നടീൽ വസ്തുക്കൾ ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

1. കൃഷിശാസ്ത്രത്തിൽ ബിരുദമോ, കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് കൃഷിശാസ്ത്രത്തിൽ ഡിപ്ലോമയോ, വൊക്കേഷണൽ ഹയർസെക്കൻററി (കൃഷി) പരീക്ഷപാസ്സായതോ ആയ വ്യക്തിയുടെ ചുമതലയിലായിരിക്കണം നടീൽ വസ്തുക്കളുടെ ഉത്പ്പാദനവും വിതരണവും നടത്തേണ്ടത്. കഴിഞ്ഞ 5 വർഷങ്ങളായി ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ നഴ്സറികൾ തുടർന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കും എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ അവയ്ക്ക് ഈ നിബന്ധന ബാധകമാകാതെ തന്നെ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

2. നഴ്സറികളിൽ ശാസ്ത്രീയമായി രൂപപ്പെടുത്തിയിട്ടുള്ള ഒരു പ്രോജനി ഓർച്ചാഡ് ഉണ്ടായിരിക്കണം. വംശവർധനവിനായി ഉപയോഗിക്കുന്ന മാതൃസസ്യങ്ങൾ ഗുണമേന്മയുള്ളതും ആധികാരിക കേന്ദ്രങ്ങളിൽ നിന്ന് വാങ്ങിയവ യുമായിരിക്കണം. ഇനങ്ങൾ തിരിച്ചറിയത്തക്കവിധത്തിൽ ഇവയിൽ ലേബൽ പതിപ്പിച്ചിരിക്കണം. മാതൃസസ്യങ്ങളുടെ ആരോഗ്യം നിലനിറുത്താനാവശ്യമായ പരിചരണമുറകൾ പ്രോജനിഓർച്ചാർഡിൽ എല്ലായ്പ്പോഴും നടപ്പിലായിരി ക്കണം. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും അതാതു പ്രദേശത്തെ ബ്ളോക്കു തല കൃഷി അസിസ്റ്റൻറ് ഡയറക്ടർ പ്രോജനി ഓർച്ചാർഡ് പരിശോധിച്ച് താഴെപ്പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ മാതൃസസ്യങ്ങൾ അയോഗ്യ മാണെന്ന് കണ്ടെത്തിയാൽ അവ പിന്നീട് വംശവർദ്ധനവിനായി ഉപയോഗിക്കാൻ പാടില്ല എന്നു നിഷ്കർഷിക്കേണ്ടതാണ്. ഇങ്ങനെയുള്ള മാതൃസസ്യങ്ങളെ ക്വാറൻറയിൻ നടപടികൾക്ക് വിധേയമാക്കേണ്ടതും അപകടകരമായ രീതിയിൽ രോഗ-കീടാക്രമണം വർധിക്കുന്നതായി കണ്ടാൽ നഴ്സറിയുടെ ചുമതല വഹിക്കുന്നയാളിൻെറ സ്വന്തം ചെലവിൽ നശിപ്പിക്കേണ്ടതുമാണ്.

### മാതൃസസ്യത്തിന് അയോഗ്യത കല്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ

ഗുണനിലവാരം കുറഞ്ഞ കാർഷികോൽപ്പന്നങ്ങൾ ലഭിക്കുകയാണെങ്കിൽ.

മോശപ്പെട്ടതോ അസ്ഥിരമോ ആയ വിളവു ലഭിക്കുകയാണെങ്കിൽ.

നിയന്ത്രണാതീതമായ രീതിയിൽ കീട-രോഗാക്രമണം ബാധിക്കുകയാണെങ്കിൽ.

അതാത് ഇനങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ ഇല്ലെങ്കിൽ.

പൊതുതാൽപ്പര്യം പ്രമാണിച്ച് മറ്റേതെങ്കിലും കാരണം ഉണ്ടെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യം വന്നാൽ.

3. നടീൽ വസ്തുക്കൾ ഉത്പ്പാദിപ്പിക്കുന്നതിന് വിത്തും കിഴങ്ങും ഉപയോഗിക്കുകയാണെങ്കിൽ അവ സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, സർക്കാർ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നായിരിക്കണം വാങ്ങേണ്ടത്. ആവശ്യത്തിന് ലഭ്യമല്ലെങ്കിൽ ഗുണമേന്മ ഉറപ്പുള്ള മറ്റു കേന്ദ്രങ്ങളിൽ നിന്നും കൃഷി ഡയറക്ടറുടെ നിർദ്ദേശപ്രകാരം വാങ്ങാവുന്നതാണ്.

കുരുമുളക് തൈകളുടെ ഉത്പ്പാദനത്തിനായി പുറത്തുനിന്നും വാങ്ങുന്ന കുരുമുളക് വള്ളികളുടെ കാര്യത്തിലും ഈ നിബന്ധന പാലിച്ചിരിക്കണം.

4. നടീൽ വസ്തുക്കളുടെ ഉത്പ്പാദനം സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസസ് ശുപാർശകൾ പുറത്തിറക്കിയിട്ടുണ്ടെങ്കിൽ അതനുസരിച്ചായിരിക്കണം തൈകൾ ഉത്പ്പാദിപ്പിക്കേണ്ടത്.

കാട്ടിനങ്ങൾ ഒന്നും നടീൽ വസ്തുക്കളുടെ ഉത്പ്പാദനത്തിനായി ഉപയോഗിക്കാൻ പാടില്ല.

നടീൽ വസ്തുക്കൾ ഉത്പ്പാദിപ്പിക്കുന്ന സ്ഥലം കഴിവതും നഴ്സറി വളപ്പിനുള്ളിൽ തന്നെയായിരിക്കണം. ഓരോ വിളയുടെയും വ്യത്യസ്ത ഇനങ്ങൾക്ക് പ്രത്യേകം പ്രത്യേകം ബെഡ്ഡുകൾ അല്ലെങ്കിൽ സ്ഥലം തയ്യാറാക്കിവേണം തൈകൾ ഉത്പ്പാദിപ്പിക്കേണ്ടത്.

ഓരോ ഇനവും തിരിച്ചറിയത്തക്കവിധത്തിൽ ശരിയായി ലേബൽ ചെയ്തിരിക്കണം.

പരപരാഗണം മൂലം ഇനങ്ങൾ കൂടികലർന്ന് ജനിതക ശുദ്ധി നഷ്ടപ്പെടാതിരിക്കാൻ വിവിധ ഇനങ്ങൾ തമ്മിൽ നിർദ്ദേശിച്ചിട്ടുള്ള ദൂരത്തിൽ മാത്രമേ വളർത്താൻ പാടുള്ളൂ.

5. തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് നഴ്സറികൾക്ക് കോർപ്പറേഷനിൽ കുറഞ്ഞത് 10 സെൻ്റും മുൻസിപ്പാലിറ്റിയിൽ 20 സെൻ്റും പഞ്ചായത്തിൽ 50 സെൻ്റും സ്ഥലം ഉണ്ടായിരിക്കണം.

നഴ്സറിയിൽ ജലസേചനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കണം. നഴ്സറികളുടെ ശരിയായ കാര്യനിർവ്വഹണത്തിനും റെക്കോർഡുകൾ സൂക്ഷിക്കുന്നതിനും മറ്റുമായി ഒരു ഓഫീസ് കെട്ടിടം നഴ്സറികളുള്ളിൽ ഉണ്ടായിരിക്കേണ്ടതാണ്.

6) നഴ്സറികളിൽ പ്രോജനിഓർച്ചാഡിൽ വളർത്തിയിരിക്കുന്ന മാതൃസസ്യങ്ങളുടെ ഗുണഗണങ്ങൾ, ശേഖരിച്ച സ്ഥലം, തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി വാങ്ങുന്ന വിത്തിൻ്റെ സംശുദ്ധി, ഗുണഗണങ്ങൾ, ശേഖരിച്ച സ്ഥലം, എന്നിവ സംബന്ധിച്ച ആധികാരിക പ്രമാണങ്ങളും നഴ്സറികളിൽ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്ന തൈകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്ന പ്രമാണങ്ങളും സൂക്ഷിക്കേണ്ടതാണ്.

7) താഴെപ്പറയുന്ന രജിസ്റ്ററുകൾ നഴ്സറികളിൽ സൂക്ഷിക്കേണ്ടതാണ്.

(എ) കൃഷിപ്പണികളെ സംബന്ധിച്ച രജിസ്റ്റർ

നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്ന വിത്തിന്റെ അളവ്, നടീൽ വിവരങ്ങൾ, നടപ്പിലാക്കിയ കൃഷിപ്പണികൾ, മുളച്ചു വന്ന തൈകളുടെ എണ്ണം, ഉത്പ്പാദിപ്പിച്ച നടീൽ വസ്തുക്കളുടെ എണ്ണം, നിശ്ചിത ഗുണഗണങ്ങളില്ലാതെ തിരസ്ക്കരിച്ചവയുടെ എണ്ണം എന്നിവ രേഖപ്പെടുത്തുന്നതിനായി ഈ രജിസ്റ്റർ സൂക്ഷിക്കണം.

(ബി) സ്റ്റോക്ക് രജിസ്റ്റർ

നഴ്സറിയിൽ ഉത്പ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഉത്പ്പാദിപ്പിച്ച തൈകളുടെ എണ്ണം, വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ എണ്ണം എന്നി വിവരങ്ങൾ ഈ രജിസ്റ്ററിൽ അതാതു സമയങ്ങളിൽ രേഖപ്പെടുത്തേണ്ടതും ഓരോ ദിവസത്തെയും നീക്കിയിരിപ്പ് അതാതു ദിവസംതന്നെ നഴ്സറിയുടെ ചുമതലക്കാരൻ രേഖപ്പെടുത്തേണ്ടതുമാണ്.

(സി) വിൽപ്പന രജിസ്റ്റർ

ഓരോ ദിവസവും വിൽപ്പന നടത്തുന്ന നടീൽ വസ്തുക്കളുടെ വിലയും മറ്റു വിവരങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഡി) ഇൻസ്പെക്ഷൻ രജിസ്റ്റർ

നഴ്സറി സന്ദർശിക്കുന്ന അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു ഇൻസ്പെക്ഷൻ രജിസ്റ്റർ ഓഫീസ് കെട്ടിടത്തിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധന ഉദ്യോഗസ്ഥന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ ഈ രജിസ്റ്ററിൽതന്നെ രേഖപ്പെടുത്തുകയും വേണം.

(8) നടീൽ വസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച് അംഗീകാരം നൽകൽ

നഴ്സറിയിൽ ഉത്പ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല അതാതു പ്രദേശത്തെ ബ്ളോക്കുതല കൃഷി അസിസ്റ്റൻറ് ഡയറക്ടർക്കായിരിക്കും. ഈ ഉദ്യോഗസ്ഥൻ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും നഴ്സറി പരിശോധിച്ച് നഴ്സറിയിൽ വളർത്തിയിരിക്കുന്ന നടീൽ വസ്തുക്കളുടെ ഓരോ ഇനത്തിന്റെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ, പരിശുദ്ധി എന്നിവ തിട്ടപ്പെടുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഇൻസ്പെക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. നഴ്സറിയിൽ ഉത്പ്പാദിപ്പിക്കുന്ന ഓരോ ബാച്ച് നടീൽ വസ്തുക്കളുടെയും വിൽപ്പന ആരംഭിക്കുന്നതിനു മുൻപുതന്നെ അവയുടെ ഗുണമേന്മ പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റു നൽകുമ്പോൾ ഇനത്തിന്റെ പേര്, നഴ്സറിയിൽ വളർത്തിയിരിക്കുന്ന നടീൽ വസ്തുക്കളുടെ എണ്ണം, നിശ്ചിത ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉത്പ്പാദിപ്പിച്ചതിന്റെ എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഈ സർട്ടിഫിക്കറ്റ് ഒരു റെക്കോർഡായി നഴ്സറിയിൽ സൂക്ഷിക്കുവാൻ നഴ്സറിയുടെ മേൽനോട്ടക്കാരൻ ബാദ്ധ്യസ്ഥനാണ്.

നിശ്ചിത ഗുണനിലവാരമില്ലാത്ത നടീൽ വസ്തുക്കൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽതന്നെ നശിപ്പിക്കുവാൻ നഴ്സറിയുടെ മേൽനോട്ടക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും. ഗുണനിലവാരത്തെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് ലഭിക്കാതെ ഒരു കാരണവശാലും നടീൽ വസ്തുക്കൾ വിൽക്കാൻ പാടില്ല.

(9) ഓരോ വിൽപ്പനകേന്ദ്രത്തിലും പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ, കൗണ്ടർ ഫോയിലുകളോടുകൂടിയ കാഷ്ബില്ലുകൾ എന്നിവ ഉണ്ടായിരിക്കണം. നടീൽ വസ്തുക്കളുടെ ഇനം തിരിച്ചുള്ള വിലവിവര പട്ടിക ഓരോ വിൽപ്പന കേന്ദ്രത്തിലും പ്രദർശിപ്പിക്കണം.

(10) മറ്റു നിബന്ധനകൾ

നഴ്സറിയിൽ ഉത്പ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ വിറ്റു തീർക്കുന്നതിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും നഴ്സറിയുടെ ചുമതലക്കാരനായിരിക്കും.

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കാർഷിക മേളകളിൽ കൃഷിവകുപ്പ് ആവശ്യപ്പെടുന്നപക്ഷം ഈ നഴ്സറികൾ പങ്കെടുക്കേണ്ടതും ആവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യേണ്ടതുമാണ്.

അംഗീകൃത കേന്ദ്രങ്ങളിൽ നിന്നും നടീൽ വസ്തുക്കളുടെ ഉൽപ്പാദന ത്തിനാവശ്യമായ റൂട്ട്സ്റ്റോക്ക്, സയോൺ എന്നിവയുടെ ലഭ്യതയ്ക്ക് ആനു പാതികമായി വേണം ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന നടീൽ വസ്തുക്കളുടെ എണ്ണവും തിട്ടപ്പെടുത്തേണ്ടത്.

ഓരോ പ്രദേശത്തും കാലാകാലങ്ങളിൽ ആവശ്യമായ നടീൽ വസ്തുക്കൾ സർക്കാർ നിർദ്ദേശിക്കുന്നുണ്ടെങ്കിൽ ആവശ്യാനുസരണം ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള ബാദ്ധ്യത നഴ്സറികൾ ഏറ്റെടുക്കേണ്ടതാണ്.

നഴ്സറികൾക്ക് അംഗീകാരം നൽകുക, നടീൽ വസ്തുക്കളുടെ ഉത്പ്പാദനം, വിതരണം എന്നീ കാര്യങ്ങളെ സംബന്ധിച്ച് പരിശോധനയ്ക്കായി യാതൊരു മുന്നറിയിപ്പും കൂടാതെതന്നെ അതാതു പ്രദേശത്തെ കൃഷിഭവനിലെ കൃഷി ഓഫീസർക്കോ അതിനു മുകളിലുള്ള ഉദ്യോഗസ്ഥർക്കോ അധികാരമുണ്ടായിരിക്കും.

(11) നഴ്സറിയുടെ അംഗീകാരം പിൻവലിക്കൽ

മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കുവാൻ നഴ്സറിയുടെ ചുമതലക്കാരൻ ബാധ്യസ്ഥനാണ്. ഇതിനെതിരായി പ്രവർത്തി ക്കുന്ന നഴ്സറിയുടെ അംഗീകാരം റദ്ദാക്കുന്നതാണ്. നടീൽ വസ്തുക്കളുടെ ഉത്പ്പാദനം, വിതരണം, നഴ്സറിയുടെ മറ്റ് പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടാതിരുന്നാൽ നഴ്സറിയുടെ ചുമതലക്കാരന് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതും മറുപടി തൃപ്തികരമല്ലെങ്കിൽ അംഗീകാരം പിൻവലിക്കുന്നതുമാണ്. ഇതേപ്പറ്റിയുള്ള അപ്പീൽ കൃഷിഡയറക്ടർക്ക് നൽകുന്നതിന് നഴ്സറിയുടെ ചുമതലക്കാരന് അവകാശമുണ്ടായിരിക്കും. കൃഷി ഡയറക്ടറുടെ തീർപ്പ് അന്തിമമായിരിക്കും.

(12) സ്വകാര്യ നഴ്സറികൾ നിശ്ചിതഫോറത്തിലുള്ള അപേക്ഷ രജിസ്ട്രേഷൻ ഫീസായ 500 രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ അടച്ച ചെലാൻ സഹിതം അതതു കൃഷിഭവനിലെ കൃഷി ഓഫീസർക്കു നൽകേണ്ടതാണ്. കൃഷി ഓഫീസർ നിർദ്ദിഷ്ട നഴ്സറിസ്ഥലം പരിശോധിച്ച് ശുപാർശ സഹിതം ഒരാഴ്ചക്കുള്ളിൽ ബ്ലോക്കുതല കൃഷി അസി: ഡയറക്ടർക്ക് അയയ്ക്കുകയും അസി: ഡയറക്ടർ ടി അപേക്ഷ കിട്ടി 10 ദിവസത്തിനകം ശുപാർശ സഹിതം പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു നൽകുകയും ചെയ്യേണ്ടതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഈ അപേക്ഷ പരിശോധിച്ച് അർഹതയുള്ള നഴ്സറികൾക്ക് 15 ദിവസത്തിനകം അംഗീകാരം നൽകേണ്ടതാണ്. തൊഴിൽ രഹിതരായ യുവതീയുവാക്കൾ നടത്തുന്ന നഴ്സറികൾക്ക് അംഗീകാരം ലഭിക്കുന്നതിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

(13) അംഗീകാരം പിൻവലിക്കുന്നതിനു പ്രേരകമായ കാരണങ്ങളൊന്നുമില്ലെങ്കിൽ നഴ്സറിയുടെ രജിസ്ട്രേഷൻ കാലാവധി രണ്ടുവർഷമായിരിക്കും. അതിനുശേഷം രജിസ്ട്രേഷൻ പുതുക്കുന്നതിന് നിർദ്ദിഷ്ട ഫീസോടുകൂടി (മുന്നൂറു രൂപ) വീണ്ടും അപേക്ഷിക്കേണ്ടതാണ്.

Revised Rate (Rs.)

Fresh licence — Rs. 750/-

Renewal licence — Rs. 450/-